## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 212 — 09/03/2018-ലെ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

**ശ്രീ.കെ. രാജൻ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ.വി.ആർ. സുനിൽ കുമാർ :**

**മറുപടി**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ നിന്നും ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്. ആർ.എസ്.ബി.വൈ/ ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ 34.85 ലക്ഷം കുടുംബങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. ഏകദേശം 1.18 കോടി ജനങ്ങൾ ഈ പദ്ധതി ആനുകൂല്യത്തിനു അർഹരാണ്. അതായത് സംസ്ഥാനത്തെ ആകെയുള്ള കുടുംബങ്ങളുടെ 43% ഈ പദ്ധതിയിൽ അംഗങ്ങളായിക്കഴിഞ്ഞു. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളിൽ നിന്നും 2008 വർഷം മുതൽ 47.58 ലക്ഷം വ്യക്തികൾക്ക് 1709.83 കോടി രൂപയുടെ ചികിത്സാ ആനുകൂല്യം (2018 ജനുവരി 31 വരെ) ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിലൂടെ നൽകുവാൻ സാധിച്ചു.<br>ഇതിനുപുറമേ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000/- |

| | | | |
|---|---|---|---|
| | | | രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യണൽ ക്യാൻസർ സെൻറർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെൻറർ തലശ്ശേരി, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്.<br>ആർ.എസ്.ബി.വൈ/ ചിസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായവരുടെ വർഷം തിരിച്ചുള്ള പട്ടികയും ചികിത്സ ആനുകൂല്യം ലഭിച്ചവരുടെ പട്ടികയും ചിസ്പ്ലസ് ചികിത്സ ആനുകൂല്യം ലഭിച്ച വ്യക്തികളുടെ വർഷം തിരിച്ചുള്ള പട്ടികയും അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം സഫലീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്.<br>ആർ.എസ്.ബി.വൈ. പദ്ധതിയിൽ നിലവിൽ 20.54 ലക്ഷം കുടുംബങ്ങളും, ചിസ് പദ്ധതിയിൽ 14.30 ലക്ഷം കുടുംബങ്ങളും, അങ്ങനെ ആകെ മൊത്തം 34.85 ലക്ഷം കുടുംബങ്ങൾ നിലവിൽ പദ്ധതിയിൽ അംഗങ്ങളാണ്. ഇത് സംസ്ഥാനത്തെ ആകെയുള്ള കുടുംബങ്ങളുടെ 43 ശതമാനത്തോളം വരും.<br>2008 ൽ പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ ഒരു തടസ്സവും കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലയിലും പദ്ധതി ആനുകൂല്യം നൽകിയ ഏക സംസ്ഥാനമാണ് കേരളം. |
| (സി) | ദാരിദ്ര്യരേഖക്ക് തൊട്ടുമുകളിലുള്ളതും എന്നാൽ ഉയർന്ന | (സി) | ഉണ്ട്. ആർ.എസ്.ബി.വൈ പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ കൂടുതൽ |

| | | | |
|---|---|---|---|
| | ചികിത്സാ ചെലവ് താങ്ങാൻ കഴിയാത്തതുമായ നിർധന കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | വിഭാഗങ്ങളിലേക്ക് എത്തിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ 1000 രൂപയോ അതിൽ കുറവോ മാസ പെൻഷൻ കിട്ടുന്ന ഇ.പി.എഫ് പെൻഷണേഴ്സ്, എ.എ.വൈ (മഞ്ഞ നിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി/ ബി.പി.എൽ ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്).<br>ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ അർഹരായ വിഭാഗങ്ങളുടെ വിശദമായ പട്ടിക അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം എന്നപേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2017 ഏപ്രിൽ മാസം 1 മുതൽ ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനുമുകളിൽ പ്രായമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധികസൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് എസ്.ചിസ് അഥവാ സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിയിൽ 1735567 ആർ.എസ്.ബി.വൈ/ ചിസ് കുടുംബങ്ങളിലെ 2204202 മുതിർന്ന പൗരൻമാർക്ക് എസ്.ചിസ് ആനുകൂല്യം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 'എ'

ആർ.എസ്.ബി.വൈ/ ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവരുടെ വർഷം തിരിച്ചുള്ള പട്ടിക:-

| വർഷം | കുടുംബങ്ങളുടെ എണ്ണം | | |
|---|---|---|---|
| | ആർ.എസ്.ബി.വൈ | ചിസ് | ആകെ |
| 2008-10 | 11.8 | - | 11.8 |
| 2010-11 | 11.79 | 6.96 | 18.75 |
| 2011-12 | 11.79 | 16.22 | 28.01 |
| 2012-13 | 20.61 | 7.67 | 28.28 |
| 2013-14 | 19.44 | 10.29 | 29.73 |
| 2014-15 | 20.21 | 11.73 | 31.94 |
| 2015-16 | 20.21 | 11.73 | 31.94 |
| 2016-17 | 20.44 | 12.09 | 32.53 |
| 2017-18 | 20.54 | 14.31 | 34.85 |

ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിലൂടെ ചികിത്സ ആനുകൂല്യം ലഭിച്ചവരുടെ വർഷം തിരിച്ചുള്ള പട്ടിക: -

| വർഷം | ആർ.എസ്.ബി.വൈ/ ചിസ് ക്ലെയിം സ്റ്റേറ്റ്മെന്റ് | |
|---|---|---|
| | ക്ലെയിമുകളുടെ എണ്ണം (ലക്ഷത്തിൽ) | തുക (കോടിയിൽ) |
| 2008-10 | 1.43 | 45.00 |
| 2010-11 | 3.6 | 113.00 |
| 2011-12 | 6.98 | 212.00 |
| 2012-13 | 7 | 181.00 |
| 2013-14 | 5.57 | 199.03 |
| 2014-15 | 5.87 | 228.06 |
| 2015-16 | 5.26 | 205.86 |
| 2016-17 | 5.86 | 267.42 |
| 2017-18* | 6.01 | 258.46 |

*Till 31st January 2018

<u>ചിസ്പ്ലസ് ചികിത്സ ആനുകൂല്യം ലഭിച്ചവരുടെ വർഷം തിരിച്ചുള്ള പട്ടിക: -</u>

| നം. | വർഷം | ക്ലെയിമുകളുടെ എണ്ണം (ലക്ഷത്തിൽ) | തുക (കോടിയിൽ) |
|---|---|---|---|
| 1 | 2010-11 | 0.002 | 0.28 |
| 2 | 2011-12 | 0.14 | 26.08 |
| 3 | 2012-13 | 0.42 | 56.94 |
| 4 | 2013-14 | 0.51 | 53.08 |
| 5 | 2014-15 | 0.67 | 68.02 |
| 6 | 2015-16 | 0.8 | 73.42 |
| 7 | 2016-17 | 1.02 | 83.59 |
| 8 | 2017-18* | 0.81 | 59.76 |
| ആകെ | | 4.38 | 421.17 |

*Till 31st January 2018

സെക്ഷൻ ഓഫീസർ

## അനുബന്ധം 'ബി'

RSBY/CHIS പദ്ധതിയിൽ അർഹരായ വിഭാഗങ്ങളുടെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

ആർ.എസ്.ബി.വൈ

1. വഴിയോരകച്ചവടക്കാർ
2. വീട്ടുവേലക്കാർ
3. ബീഡിതൊഴിലാളികൾ
4. ആക്രി/ പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ
5. ശുചീകരണ തൊഴിലാളികൾ
6. പാറമട തൊഴിലാളികൾ
7. റിക്ഷ വലിക്കുന്നവർ
8. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ

ചിസ്

1. പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾ
2. കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ (ആട്ടോറിക്ഷ തൊഴിലാളികൾ)
3. ടാക്സി ഡ്രൈവർമാർ (മോട്ടോർ തൊഴിലാളി ക്ഷേമബോർഡിലെ അംഗങ്ങൾ)
4. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ.
5. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
6. മറ്റു മത്സ്യതൊഴിലാളികൾ
7. നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ
8. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
9. കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ
10. ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
11. ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
12. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
13. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
14. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
15. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
16. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
17. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
18. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ അംഗങ്ങൾ
19. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ പെൻഷൻകാർ
20. ചെറുകിടതോട്ടം തൊഴിലാളിക്ഷേമബോർഡിലെ അംഗങ്ങൾ
21. ചെറുകിടതോട്ടം തൊഴിലാളിക്ഷേമബോർഡിലെ പെൻഷൻകാർ
22. അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ
23. അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ

24. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയിലെ അംഗങ്ങൾ
25. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയിലെ പെൻഷൻകാർ
26. കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ
27. കൈത്തൊഴിലാളി/ വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ
28. 2008-ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ
29. കശുവണ്ടി തൊഴിലാളിക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
30. കള്ള് ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
31. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
32. മോട്ടോർ തൊഴിലാളിക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
33. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
34. കേരള ലോട്ടറി ഏജൻറ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
35. കേരള ലോട്ടറി ഏജൻറ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
36. ഷോപ്പ് & കോമേഴ്സ് എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം രജിസ്റ്റർ ചെയ്ത പാവപ്പെട്ടതൊഴിലാളികൾ/ സ്വയം തൊഴിൽ ചെയ്യുന്നവർ.
37. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ (വർക്ക്ഷോപ്പ് തൊഴിലാളികൾ)
38. വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ
39. ആശ്രയകുടുംബങ്ങൾ
40. അംഗനവാടി വർക്കേഴ്സ്/ ഹെൽപ്പേഴ്സ്
41. എൻഡോസൾഫാൻ ദുരന്തബാധിതർ
42. ആശാപ്രവർത്തകർ
43. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ടതൊഴിലാളികൾ
44. വിധവ പെൻഷൻ ലഭിക്കുന്നവർ
45. മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവർ
46. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ
47. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ
48. എച്ച്.ഐ.വി. അണുബാധിതർ
49. അന്ത്യോദയ അന്നയോജനയിലും മുൻഗണനയിലും ഉൾപ്പെട്ട മഞ്ഞയും പിങ്കും കളർ റേഷൻകാർഡ് ഉടമകൾ
50. 1000/- രൂപയോ അതിൽ കുറവോ ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവർ
51. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ
52. കേരള കള്ള്ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (ക്ഷേമനിധി ബോർഡ് മുഖേന )
53. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (ഇ.എസ്.ഐ ആനുകൂല്യം ലഭിക്കാത്ത അംഗങ്ങൾ)
54. ചികിത്സാർത്ഥം സംസ്ഥാനമുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റേഷൻകാർഡ് ഉടമകൾ.

സെക്ഷൻ ഓഫീസർ